# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4555 — 04.02.2014 ൽ - മറുപടിക്ക്

## റേഷൻ സംവിധാനം കാര്യക്ഷമമാക്കൽ

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
,, മോൻസ് ജോസഫ്

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി)

(എ) റേഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് ഈ സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എ) പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. സംസ്ഥാനത്തെ എഫ്.സി.ഐ മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത് മുതൽ റേഷൻ കടകളിൽ നിന്ന് അവ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നത് വരെയുള്ള ഓരോ പ്രക്രിയയും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച് അവയുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്ക വിധത്തിൽ ഒരു സുതാര്യവൽകൃത പോർട്ടലിൽ രേഖപ്പെടുത്തുന്നതാണ്. കൂടാതെ, റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് യഥാർത്ഥ ഗുണഭോക്താവിനെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ തോതിൽ നൽകുന്നതാണ്. റേഷൻ കടയ്ക്ക് പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനാൽ ഗുണഭോക്താക്കൾക്ക് കേരളത്തിലെ ഏത് റേഷൻ കടയിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. റേഷൻ കടകളിൽ ഗുണഭോക്താക്കളുടെ ക്രയവിക്രയങ്ങൾക്ക് ഓൺലൈൻ സിസ്റ്റത്തിലൂടെ ലഭ്യമാകുന്ന ബില്ലുകളിൽ ഭക്ഷ്യധാന്യങ്ങളുടെ കൃത്യമായ അളവ്, തൂക്കം, വില എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടാവും. ഇക്കാരണത്താൽ പൊതുവിതരണ ശൃംഖല കൂടുതൽ സുതാര്യമാകുന്നതും ഈ മേഖലയിൽ അഴിമതി, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയാൻ സാധിക്കുന്നതുമാണ്. ഇതിന്റെ പൈലറ്റ് പദ്ധതി തിരുവനന്തപുരത്ത് ആരംഭിച്ചു.

| | | | |
|---|---|---|---|
| (ബി) | റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് പുതിയതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) | റേഷൻ സാധനങ്ങളുടെ നീക്കം നിരീക്ഷിക്കുക, കരിഞ്ചന്ത തടയുക, എഫ്.സി.ഐ.-ൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം നിരീക്ഷിക്കുക, ഉപഭോക്താവിന്റെ അറിയാനുള്ള ആഗ്രഹത്തെ ശക്തിപ്പെടുത്തുക, മുതലായ ലക്ഷ്യത്തോടുകൂടി വെബ് അടിസ്ഥാനമാക്കിയുള്ള എസ്.എം.എസ്. അലർട്ട് സംവിധാനമായ 'എഫ്.എം.പി.ഡി.എസ്' **(Food grain Movement for effective Public Distribution System)** സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്താക്കൾക്ക് ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. - ൽ നിന്നും വിട്ടെടുക്കുമ്പോൾ തന്നെ എസ്.എം.എസ്. വഴി ഇനം, വിട്ടെടുത്ത തീയതി, സമയം, ട്രക്ക് നമ്പർ തുടങ്ങിയവ ലഭിക്കുന്നു. സംസ്ഥാനത്ത് എ.പി.എൽ. സബ്സിഡി കാർഡുകളിന്മേൽ ഭക്ഷ്യധാന്യങ്ങൾക്ക് നൽകി വരുന്ന സബ്സിഡികൾ പണമായി ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ആറ് കടകളിൽ നവീകരണ ജോലികൾ പൂർത്തിയാക്കുകയും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുകയും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ കടകളിലെ കാർഡുടമകളുടെ ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് റേഷൻ കാർഡ് ഡേറ്റാബെയ്സിൽ ചേർക്കുന്ന നടപടി പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ